# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.590 — 24.01.2018-ൽ മറുപടിയ്ക്ക്

### കിൻഫ്ര പാർക്കിന്റെ വികസനം

| ചോദ്യം<br>ശ്രീ.പി.ഉണ്ണി | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി) |
|---|---|

എ) ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിലെ ഏക വ്യവസായ പാർക്കായ കിൻഫ്ര പാർക്കിന്റെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വിശദാംശം ലഭ്യമാക്കാമോ;

എ) ഒറ്റപ്പാലത്ത് കിൻഫ്ര 80 ഏക്കറിൽ സ്ഥാപിച്ച വ്യവസായ പാർക്ക് താഴെ പറയുന്ന രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്.
വ്യവസായ പാർക്ക് - 20 ഏക്കർ
ഡിഫൻസ് പാർക്ക് - 60 ഏക്കർ
അടിസ്ഥാന സൗകര്യ വികസനങ്ങളായ റോഡുകൾ, വൈദ്യുതി, ജല വിതരണം, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം പ്രവർത്തന സജ്ജമായിട്ടുണ്ട്.
60 ഏക്കറിൽ സ്ഥാപിക്കുന്ന ഡിഫെൻസ് പാർക്കിന്റെ ബഹുനില ഫാക്ടറി കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രതിരോധ മേഖലയിലുള്ള വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ളതാണ് ഈ പദ്ധതി.

ബി) ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ നിലവിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ;

ബി) ഒറ്റപ്പാലത്തെ കിൻഫ്ര പാർക്കിൽ നിലവിൽ താഴെപ്പറയുന്ന വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തന സജ്ജമാണ്.

| Sl No. | Name of the Party | Area (in Sq.ft) |
|---|---|---|
| 1 | M/s.Blissful Garments Private Limited | 106636 |
| **Sl. No.** | **Name of the Party** | **Area (in Acres)** |
| 1 | Additional Skill Acquisition Programme (ASAP), Department of Higher Education, GOK | 1 |
| 2 | Mr.Subin K.N. | 0.12 |
| 3 | Mr.Vineeth Kumar | 0.05 |
| 4 | Mr.Suresh Kumar P | 0.05 |
| 5 | Mr.Asif A | 0.07 |
| 6 | Mr.Abdul Manaf | 0.25 |

സി) കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും സംരംഭകരെ ആകർഷിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുവെന്ന് അറിയിക്കുമോ?

സി) ഒറ്റപ്പാലം വ്യവസായ പാർക്കിൽ കൂടുതൽ നിക്ഷേപകരെ കണ്ടെത്തുവാനുള്ള ശ്രമങ്ങൾ കിൻഫ്ര നടത്തി വരുന്നു. സർക്കാർ-സ്വകാര്യ മേഖലയിലുള്ള സംരംഭങ്ങളെ കണ്ടെത്തുന്നതിന് വിവിധ ഏജൻസികളുമായി ചേർന്ന് റോഡ്ഷോ ഉൾപ്പെടെയുള്ള കർമ്മ പദ്ധതികൾ കിൻഫ്ര നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ